LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 12, ബുധൻ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 1986 നവംബർ 12-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ (ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

റേഷൻ കടകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

* 310 [336] ശ്രീ. കെ.കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി :
,, സ്റ്റീഫൻ പാദുവ :
,, എൻ. ശക്തൻ നാടാർ :
,, എം.എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം എന്താണ് ;

(സി) ഇപ്പോഴത്തെ സംസ്ഥാനത്ത് ജനസംഖ്യാനുപാതത്തിൽ അനുവദിച്ചിട്ടുള്ള കടകൾ എത്ര ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ) :

(എ) പൊതുജനങ്ങളുടെ സൗകര്യവും റേഷൻ വാങ്ങുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയുള്ള കാർഡുടമകളുടെ പരാതികളും കണക്കിലെടുത്ത് ശരാശരി 350 കാർഡിനു ഒരു റേഷൻ കട എന്ന പൊതുവായ തത്ത്വം അംഗീകരിച്ചുകൊണ്ടാണ് പുതിയ കടകൾ അനുവദിക്കുന്നത്.

(ബി) 2,000 ആളുകൾക്ക് ഒരു റേഷൻ കടയെങ്കിലും വേണമെന്നാണ് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം.

(സി) ജനസംഖ്യാനുപാതത്തിൽ റേഷൻ കടകൾ അനുവദിച്ചിട്ടില്ല. എന്നാൽ ജില്ലാ സപ്ലൈ ആഫീസർമാരുടെയും ജില്ലാ കളക്ടർമാരുടേയും സൂപ്പാർശയുടെ അടിസ്ഥാനത്തിൽ കാർഡുടമകളുടെ ആവശ്യം മുൻനിർത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിച്ചിട്ടുണ്ട്. 30-9-986 വരെ 12,717 റേഷൻ ഷോപ്പുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതുപ്രകാരം 1,989 ആളുകൾക്ക് ഒരു റേഷൻ കട വീതമുണ്ട്.

ശ്രീ. എം.എം. ഹസ്സൻ : റേഷൻ കടകളിൽ എത്രയെണ്ണം സ്വകാര്യ വ്യക്തികളുടെ കയ്യിലാണ് എന്നും എത്രയെണ്ണം സഹകരണസംഘങ്ങളുടെ കയ്യിലാണെന്നും വ്യക്തമാക്കാമോ ?

ശ്രീ. യു. എ. ബീരാൻ : ആകെയുള്ള 12,717 റേഷൻ ഷോപ്പുകളിൽ 11,353 റേഷൻ ഷോപ്പുകളും സ്വകാര്യവ്യക്തികളാണ് നടത്തുന്നത്. സഹകരണസംഘങ്ങൾ 1,364 ഷോപ്പുകൾ മാത്രമേ നടത്തുന്നുള്ളു.

ശ്രീ. എം.എം. ഹസ്സൻ : ഒരു റേഷൻകടയിലൂടെ എത്ര കിലോ അരിയാണ് റേഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. യു. എ. ബീരാൻ : ശരാശരി 20 കിലോ അരിവീതം നൽകുന്നുണ്ട്.

ശ്രീ. വി.കെ. രാജൻ : റേഷൻ കടയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞാൽ വളരെയേറെ കാലതാമസത്തിനുശേഷമാണ് ആ ഷോപ്പുകൾ അനുവദിച്ചുകൊടുക്കുന്നത്. ഇതിനിടയിൽ തിരിമറികൾ ധാരാളം നടക്കും. ഒരാൾ അപേക്ഷ കൊടുത്താൽ ഒരു നിശ്ചിതത്തീയതിക്കകം ആ റേഷൻ ഷോപ്പ് അനുവദിച്ചുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : റേഷൻ കടകൾക്കുവേണ്ടി നോട്ടിഫിക്കേഷൻ ജില്ലാധികൃതർ പുറപ്പെടുവിച്ചാൽ അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് ആ അപേക്ഷകൾ സംബന്ധിച്ച് അന്വേഷണം നടത്തിയതിനു ശേഷമാണ് തീരുമാനമെടുക്കുന്നത്. അതിനുള്ള കാലതാമസമല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല.

ശ്രീ. പി.സി. ജോർജ് : 350 കാർഡിന് ഒരു റേഷൻ കട എന്നാണ് പറഞ്ഞത്. ഹരിജന-ഗിരിജനങ്ങൾ മാത്രമുള്ള മലയോരപ്രദേശങ്ങളിൽ പത്തിരുപത് കാർഡുകൾ മാത്രമേയുള്ളുവെങ്കിൽപ്പോലും ഒരു പ്രത്യേക പരിഗണനകൊടുത്ത് റേഷൻ കടകൾ അനുവദിക്കാൻ തയ്യാറാകുമോ ?

ശ്രീ. യു.എ. ബീരാൻ : മലയോരപ്രദേശങ്ങളിലും ഹരിജനങ്ങളും ഗിരിജനങ്ങളുമായ മറ്റ് ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലും 350 കാർഡുകൾ വേണമെന്ന തത്വം പാലിക്കാതെതന്നെ റേഷൻ ഷോപ്പുകൾ നടത്തുന്നുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : 350 കാർഡ് എന്നുള്ള നിബന്ധന നിർബന്ധമായും പാലിക്കുമ്പോൾ അറുനൂറും എഴുനൂറും കാർഡുകളുള്ള പല കടകളും ഉണ്ട്. റേഷൻ ഷോപ്പുടമകൾ നിർബന്ധപൂർവ്വം കാർഡുടമകളിൽനിന്നും വാങ്ങിച്ചുവച്ചിരിക്കുകയാണ്. അത് കാർഡില്ലാത്ത കടകളിൽ ആളുകൾക്ക് സൗകര്യപ്രദമായി പതിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എ. ബീരാൻ : മുമ്പ് കൂടുതൽ കാർഡുകളുള്ള ഷോപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ 1983-ൽത്തന്നെ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ശരാശരി 500-ൽ അധികം കാർഡുകൾ ഒരു ഷോപ്പിൽ പാടില്ലായെന്ന്. അതിൽ കൂടുതലായിട്ടുണ്ടെങ്കിൽ അടുത്തുള്ള ഷോപ്പുകളിൽ ചേർക്കുകയോ അതല്ലെങ്കിൽ പുതിയതായി ഷോപ്പുകൾ അനുവദിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ നൽകുകയോ ചെയ്യണം എന്നുള്ളതാണ് തീരുമാനം.

ശ്രീ. കെ. പി. പ്രഭാകരൻ : റേഷൻ ഷോപ്പ് അനുവദിക്കുന്നതിലെ അനിശ്ചിതമായ കാലതാമസം അന്വേഷണം ഉള്ളതുകൊണ്ടാണെന്ന് പറഞ്ഞു. കാലതാമസം വരുന്നതുകൊണ്ട് പല തിരിമറികളും വരുന്നുവെന്നുള്ള ആക്ഷേപം ഉണ്ടാകുന്നുണ്ട്. അപേക്ഷകൾ കിട്ടിക്കഴിഞ്ഞാൽ അതിനെ സംബന്ധിച്ച് അന്വേഷിച്ച് തീർപ്പെടുക്കുന്നതിന് ഒരു നിശ്ചിത ടൈം ഷെഡ്യൂൾ ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. യു.എ. ബീരാൻ : റേഷൻ ഷോപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ യാതൊരു തിരിമറികളും നടക്കുന്നില്ല. അദ്ദേഹം പറഞ്ഞത് ശരിയല്ല. ജില്ലാധികൃതരാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. കാലതാമസമുണ്ടാകുന്നത് അന്വേഷണം നടത്തുന്നതിന് മാത്രമാണ്. അല്ലാതെ അതിൽ തിരിയും മറിയും ഇല്ല. ഒരു നിശ്ചിത പീരിയഡിനകം പൂർത്തിയാക്കണമെന്ന് കേരള റേഷനിംഗ് ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ജില്ലാധികൃതർക്ക് വേണമെങ്കിൽ തീരുമാനമെടുക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പുതിയ നിർദ്ദേശമാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ബന്നിബഹനാൻ : കൃത്രിമം കാണിച്ചതിന്റെ പേരിൽ നിലവിലുള്ള റേഷൻ ഷോപ്പുകൾ കാൻസൽ ചെയ്യുമ്പോൾ അറിയിച്ച് ചെയ്തുകൊടുക്കും, ഇങ്ങനെ അറിയിച്ച് ചെയ്തുകൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ ; അതിന് പ്രത്യേകിച്ച് എന്തെങ്കിലും നടപടിക്രമം ഉണ്ടോ ?

ശ്രീ. യു.എ. ബീരാൻ : ഏതെങ്കിലും റേഷൻ കടയിൽ കൃത്രിമം പോലുള്ള കാര്യങ്ങൾ കണ്ടുപിടിച്ചാൽ സസ്പെൻറു ചെയ്യുകയോ, കാൻസൽ ചെയ്യുകയോ ചെയ്യുമ്പോൾ ആളുകൾക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ പുറവും അടുത്തുള്ള ഷോപ്പിനെ ഏൽപ്പിച്ചുകൊടുക്കുകയെന്നുള്ളതാണ് പതിവ്. അത് കഴിഞ്ഞാൽ ഉടൻതന്നെ പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പുതിയ റേഷൻ ഡീലറെ നിശ്ചയിക്കുന്നതാണ്.

ശ്രീ. എ.വി. താമരാക്ഷൻ : റേഷൻകട അനുവദിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർ തീർപ്പുകൽപ്പിക്കുന്നതിൽ ഗവൺമെന്റിന്റെ ഇടപെടൽ ഉള്ളതുകൊണ്ട് നിഷ്പക്ഷമായും, നീതിപൂർവ്വകമായും റേഷൻകട അനുവദിക്കാൻ കഴിയുന്നില്ലയെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ് ?

ശ്രീ. യു.എ. ബീരാൻ : ജില്ലാ സപ്ലൈ ഓഫീസർമാരുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ യാതൊരു ഇടപെടലുമില്ല. അങ്ങനെ ഇടപെടേണ്ട യാതൊരു ആവശ്യവും ഇല്ല.

ശ്രീ. കെ.പി. രാമൻ : റേഷൻകടകൾ അനുവദിക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരായിട്ടുള്ള ആളുകളുണ്ടെങ്കിൽ അവരുടെ അപേക്ഷകൾക്ക് പ്രത്യേക പരിഗണന കൊടുക്കാറുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം വിഭാഗങ്ങൾ നടത്തുന്ന എത്ര റേഷൻ കടകൾ സംസ്ഥാനത്തുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. യു.എ. ബീരാൻ : അപേക്ഷകരിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണം. എക്സ്സർവ്വീസുകാർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണം. ഈ വിധത്തിലുള്ള എലിജിബിലിറ്റി നോക്കിയതിനുശേഷമാണ് ജില്ലാധികൃതർ തീരുമാനിക്കുന്നത്. അതുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്.

ശ്രീ. എം.കെ. കേശവൻ : 350 കാർഡുകൾ ഒരു കടയ്ക്കെന്ന് പറഞ്ഞു. വൈക്കത്തെ ഒരു കടയിൽ 1262 കാർഡുകൾ ഉണ്ട്. ആറുമാസത്തിലേറെയായി. ആളുകൾക്ക് സാധനങ്ങൾ വാങ്ങാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അത് മൂന്നുകടകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു.എ. ബീരാൻ : അവിടെ സൗകര്യമുള്ള ഒരു സ്ഥലത്തു പുതിയ കട തുടങ്ങണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : 2000 ആളുകൾക്ക് ഒരു റേഷൻ ഷോപ്പ് എന്നാണല്ലോ ഇൻഡ്യാ ഗവൺമെൻറിന്റെ നോംസ്. നമ്മുടെ സംസ്ഥാന ഗവൺമെൻറിന് ഇത് സ്വീകരിക്കുന്നതിനുള്ള വൈഷമ്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. യു.എ. ബീരാൻ : അത് ഞാൻ അദ്യംതന്നെ പറഞ്ഞു. വൈഷമ്യമായതൊന്നുമില്ല. ഇരുപതിനപരിപാടിയിലെ 17-ാമത്തെ ഇനമായി ഈ ഉൾപ്പെടുത്തി 2000 ആളുകൾക്ക് ഒരു റേഷൻ ഷോപ്പുകൊടുക്കണമെന്നായിരുന്നു കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശം. ഇവിടെ ഇപ്പോൾ 1989 ആളുകൾക്ക് ഒരു റേഷൻ കടയുണ്ട്.

വില്പന നികുതി ചെക്കുപോസ്റ്റുകൾ

* 311. [337] ശ്രീ. പന്തളം സുധാകരൻ :
,, മണിമംഗലത്ത് കുട്ട്യാലി :
,, കെ. രാഘവൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിർത്തികളിലുള്ള വില്പന നികുതി ചെക്കുപോസ്റ്റുകൾ ഏതെല്ലാം ;

(ബി) ഈ ചെക്കുപോസ്റ്റുകളിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം എത്ര ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) സംസ്ഥാനത്തെ അതിർത്തികളിലുള്ള വിൽപ്പന നികുതി ചെക്കുപോസ്റ്റുകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) 1985-86-ലെ കണക്കനുസരിച്ച് 124.59 ലക്ഷം രൂപ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ചെക്കുപോസ്റ്റുകളിലാണ് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് എന്ന് പലവട്ടം ഈ വേദിയിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly